ദേശാഭിമാനി

19 February 2017

► സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ആഘോഷം തുടങ്ങി

# മത്സ്യത്തൊഴിലാളികൾക്കായി നിയമനിർമാണം വേണം: ഗവർണർ

● സ്വന്തം ലേഖിക

**കൊച്ചി** > സമുദ്രവും മത്സ്യസമ്പത്തും പരിപോഷിക്കുന്നതിനോടൊപ്പം സംരക്ഷിക്കുന്നതിന് ഉതകുന്ന ഗവേണഷങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഗവർണർ ജസ്റ്റിസ് പി സദാശിവം പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കടൽസംരക്ഷണത്തിന്റെ പരമ്പരാഗതമായ അറിവുകൾ ഗവേഷകർ ഉപയോഗപ്പെടുത്തണം. മത്സ്യസമ്പത്തിന്റെ കുറവ് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവിതം തകിടം മറിക്കുമ്പോൾ അവർക്കുകൂടി ഗുണംചെയ്യുന്നരീതിയിൽ നിയമനിർമാണം രാജ്യത്ത് നടപ്പാകണമെന്നും അദ്ദേഹം പറഞ്ഞു.



► സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനംചെയ്ത കേരള ഗവർണർ ജസ്റ്റിസ് പി സദാശിവം ഉൽപന്നപ്രദർശനം കാണുന്നു

അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിന് വേണ്ടി സിഎംഎഫ്ആർഐ കടൽപായലിൽനിന്ന് നിർമിച്ച മരുന്ന്, മീനുകളെ തിരിച്ചറിയാൻ സഹായിക്കുന്നതിനായി നിർമിച്ച മൊബൈൽ ആപ് എന്നിവയും ചടങ്ങിൽ ഗവർണർ പുറത്തിറക്കി. സിഎംഎഫ്ആർഐയുടെ പഠനറിപ്പോർട്ടുകളും ഗവർണർ പ്രകാശനം ചെയ്തു.

കാലാവസ്ഥാവ്യതിയാനം കാരണം മത്സ്യമേഖലയ്ക്കുണ്ടായ പ്രത്യാഘാതം വിശദമായി മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സഹകരണത്തോടെ പഠനം നടത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഒരുവർഷത്തെ പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികൾ സമാപിക്കുന്നതോടെ ഗവേഷണഫലം പുറത്തുവിടും. ചൂരമത്സ്യം കൂടുകൃഷി വഴി ഉൽപ്പാദിപ്പിക്കുന്നതിന് ശ്രമം ആരംഭിക്കും. ചൂര മത്സ്യത്തിന്റെ വിത്തുൽപ്പാദനവും പ്രജനന സാങ്കേതിക വിദ്യകളും സിഎംഎഫ്ആർഐ വികസിപ്പിക്കും. ദേശീയ സമുദ്രകൃഷി നയം (നാഷണൽ മാരികൾച്ചർ പോളിസി ) രൂപീകരിക്കാൻ കേന്ദ്ര സർക്കാറിന് മാർഗ്ഗ നിർദേശം സമർപ്പിക്കും. കടലിലെ ഉപരിതല മത്സ്യസമ്പത്ത് പരിപാലനവുമായി ബന്ധപ്പെട്ട് ഉപഗ്രഹ സഹായത്തോടെയുള്ള ഗവേഷണങ്ങൾക്ക് തുടക്കംകുറിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന അധ്യക്ഷനായി. എംപിഇഡിഎ ചെയർമാൻ ഡോ. എ ജയതിലക് സംസാരിച്ചു.